"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ തൃപ്രയാർ ശ്രീവിലാസ് യു.പി. സ്കൂളിലെ ശ്രീ. അൽജുവിൻ കോഹിൻ ഫയൽ ചെയ്ത റിട്ട് ഹർജി നം.7371/2024-ൽ 26.02.2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3856/2025/GEDN തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:-

1. ശ്രീ. അൽജുവിൻ കോഹിൻ സർക്കാരിൽ സമർപ്പിച്ച 9/1/2024ലെ റിവിഷൻ പെറ്റിഷനും (എക്സിബിറ്റ് P5) 3/5/2024ലെ ഹിയറിങ് നോട്ടും
2. റിട്ട് ഹർജി നം.7371/2024-ൽ 26.02.2024 തീയതി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
3. വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24/4/2024, 9/5/2024 തീയതികളിലെ AEOVLP/599/2024-C നമ്പർ ഹിയറിങ് റിപ്പോർട്ടുകൾ
4. തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 24/4/2024ലെ DDE/3535/2024/B1 നമ്പർ ഹിയറിങ് റിപ്പോർട്ട്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/4/2024ലെ E3/7864/2024/DGE നമ്പർ ഹിയറിംഗ് റിപ്പോർട്ട്

**<u>ഉത്തരവ്</u>**

തൃശ്ശൂർ തൃപ്രയാർ ശ്രീവിലാസ് യു.പി. സ്കൂളിലെ ശ്രീ.അൽജുവിൻ കോഹിൻ ഫയൽ ചെയ്ത റിട്ട് ഹർജി നം.7371/2024-ൽ 26.02.2024 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച എക്സിബിറ്റ് പി5 റിവിഷൻ ഹർജി, ഹർജിക്കാരൻ, ബന്ധപ്പെട്ടവർ എന്നിവരെ കേട്ട്, വിധിപ്പകർപ്പ് കിട്ടി മൂന്ന് മാസത്തിനകം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 03.05.2024 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ഹർജിക്കാരൻ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ ചുവടെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു.

**ഹർജിക്കാരന്റെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്.**

4. ഹർജിക്കാരൻ 01-11-2021 മുതൽ തൃശ്ശൂർ ജില്ലയിലുള്ള വലപ്പാട് ശ്രീവിലാസ് യു.പി. സ്കൂളിൽ ഓഫീസ് അറ്റൻഡന്റായി നിയമിക്കപ്പെട്ടു. നിയമനം 01-11-2021 മുതൽ 31-05-2022 വരെ

ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് ഉത്തരവായി. പിന്നീട് 01-06-2022 മുതൽ 31-05-2023 വരെ ഇതേ തസ്തികയിൽ നിയമിതനാകുകയും ശമ്പളം അവധിക്കാലമുൾപ്പെടെ ദിവസവേതനാടിസ്ഥാനത്തിൽ ലഭ്യമാകുകയും ചെയ്തു.

5. ഹർജിക്കാരന് നിയമന തിയതി മുതൽ റഗുലർ സ്കെയിൽ ഓഫ് പേയിൽ ശമ്പളത്തിന് അർഹതയുണ്ടെന്നതാണ് വാദം. ബഹു. കേരള ഹൈക്കോടതി ഇക്കാര്യത്തിൽ സ്പഷ്ടമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എക്സിബിറ്റ് പി.4 വിധി പ്രകാരം (WA No. No. 11358/2021) ടി കേസും പരിഗണിക്കണമെന്ന് ബഹു. കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. മേപ്പടി ഡിവിഷൻ ബെഞ്ച് വിധി പ്രകാരം മതിയായ കുട്ടികൾ ഇല്ലാത്ത വിദ്യാലയത്തിലായാലും ഓഫീസ് അറ്റൻഡന്റ് നിയമനത്തിന് ദിവസവേതനാടിസ്ഥാനത്തിൽ ശമ്പളം നൽകിയത് നിയമപരമല്ലെന്ന് വിധി പറയുകയും റഗുലർ സ്കെയിലിൽ ശമ്പളം നൽകാൻ ഉത്തരവായിട്ടുള്ളതുമാകുന്നു. പ്രസ്തുത വിധിയിൽ സർക്കാർ ആ കേസിലെ പരാതിക്കാരന് റഗുലർ സ്കെയിൽ ഓഫ് പേയിൽ ശമ്പളം കൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

6. W.A.No.1358-ലെ വിധിയുടെ അടിസ്ഥാനത്തിൽ, സമാനമായ ടി കേസിലും 01-11-2021 മുതൽ 31-05-2022 വരെയും, 01-06-2022 മുതൽ 31-05-2023 വരെയും ദിവസവേതനാടിസ്ഥാനത്തിലുള്ള ശമ്പളത്തിന് പകരം റഗുലർ സ്കെയിൽ ഓഫ് പേയിൽ എല്ലാ സാമ്പത്തികാനുകൂല്യങ്ങളും ലഭ്യമാക്കണമെന്നതാണ് ഹർജ്ജിക്കാരൻ ആവശ്യപ്പെടുന്നത്.

**വിദ്യാഭ്യാസ അധികാരികളുടെ വാദം/ ഹിയറിംഗ് റിപ്പോർട്ടുകളുടെ സംഗ്രഹം ഇപ്രകാരമാണ്**

7. തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന തൃപ്രയാർ എസ്.വി.യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ.കെ.വി. പ്രവീണിന് 15.07.2021 മുതൽ എൽ.പി.എസ്.ടി. തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ മാനേജർ, ശ്രീ.കെ.ആർ. അൽ ജുവിൻ - കൊഹിനെ 01.11.2021 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ഓഫീസ് അറ്റെൻഡന്റ് തസ്ത്തികയിൽ നിയമിക്കുകയും വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അപ്രകാരം അംഗീകരിക്കുകയും ചെയ്തു.

8. തുടർന്ന് 2022-2023 അദ്ധ്യയന വർഷത്തിൽ 01.06.2022 മുതൽ മാനേജർ വീണ്ടും ടിയാനെ, ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും ആയതും അപ്രകാരം അംഗീകരിക്കപ്പെടുകയുണ്ടായി. 01.06.2023 മുതലുള്ള ടിയാന്റെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനാപേക്ഷ പരിഗണനയിലാണെന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിരിക്കുന്നു. തന്റെ അംഗീകരിക്കപ്പെട്ട ദിവസവേതന നിയമനങ്ങൾ ശമ്പളസ്കെയിലിൽ അംഗീകരിക്കണമെന്നതാണ് പരാതിക്കാരന്റെ ആവശ്യം.

9. തൃപ്രയാർ എസ്.വി.യു.പി. സ്കൂൾ, മതിയായ എണ്ണം കുട്ടികളില്ലാത്ത ഗണത്തിൽപെടുന്ന വിദ്യാലയം ആകയാൽ ഇവിടെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ എന്നും ഇപ്രകാരം, മാനേജർ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായുള്ള അപേക്ഷ നൽകിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ടിയാന്റെ നിയമനം അപ്രകാരം അംഗീകരിച്ച് നൽകിയിട്ടുള്ളതെന്നും സർക്കാർ

അനുമതിയില്ലാതെ മതിയായ എണ്ണം കുട്ടികളില്ലാത്ത ഇത്തരം സ്കൂളുകളിൽ ശമ്പള സ്കെയിലിൽ നിയമനം അംഗീകരിച്ച് നൽകുവാൻ സാധ്യമല്ലെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

10. സർക്കാർ നിർദ്ദേശത്തിനു വിധേയമായി, ഇത്തരം നിയമനങ്ങൾ ശമ്പളസ്കെയിൽ അടിസ്ഥാനത്തിൽ പരിഗണിക്കാവുന്നതാണ്. ഈ വിഷയത്തിന്മേൽ സർക്കാർ, പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്ന പക്ഷം ശ്രീ.അൽ ജുവിൻ കൊഹിന്റെ ദിവസവേതന നിയമനം റഗുലർ ഒഴിവിൽ പരിഗണിക്കാവുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സർക്കാർ ടി വിഷയം നിലവിലെ ചട്ടങ്ങളുടെയും നിയമനകളുടെയും കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി.**

11. ഹർജിക്കാരനെ 01-11-2021 മുതൽ ശ്രീവിലാസ് യു.പി. സ്കൂളിൽ ഓഫീസ് അറ്റൻഡന്റായി നിയമിക്കുകയും ടി നിയമനം ദിവസവേതനാടിസ്ഥാനത്തിൽ 01-11-2021 മുതൽ 31-05-2022 വരെ അംഗീകരിച്ച് ഉത്തരവാകുകയും പിന്നീട് 01-06-2022 മുതൽ 31-05-2023 വരെ ഇതേ തസ്തികയിൽ നിയമിതനാകുകയും ശമ്പളം അവധിക്കാലമുൾപ്പെടെ ദിവസവേതനാടിസ്ഥാനത്തിൽ ലഭ്യമാകുകയും ചെയ്തു.

12. എക്സിബിറ്റ് പി.4 വിധി പ്രകാരം (WA No. No. 11358/2021) ഹർജിക്കാരന് 01-11-2021 മുതൽ ദിവസവേതനാടിസ്ഥാനത്തിലുള്ള ശമ്പളത്തിന് പകരം റഗുലർ സ്കെയിൽ ഓഫ് പേയിൽ ശമ്പളവും മറ്റ് സാമ്പത്തികാനുകൂല്യങ്ങളും ലഭ്യമാകേണ്ടതുണ്ടെന്നാണ് ഹർജിക്കാരന്റെ ആവശ്യം.

13. 1358/2021, 1346/2021, 1435/2021 നമ്പർ റിട്ട് അപ്പീലുകളിലെ 10.11.2021 ലെ വിധിന്യായം പ്രകാരം, മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത, എന്നാൽ സ്ഥിര സ്വഭാവമുള്ള അനദ്ധ്യാപക തസ്തികകളിൽ, കേരള വിദ്യാഭ്യാസ ചട്ടം അനുശാസിക്കുന്ന പ്രകാരം, ശമ്പളസ്കെയിലിൽ അല്ലാതെ സ്ഥിരനിയമനം നടത്തണം എന്ന് നിർദ്ദേശിക്കുന്നു. 28208/2023 നമ്പർ റിട്ട് ഹർജിയിന്മേലുള്ള വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട സ.ഉ.(സാധാ) നം.2066/2024/പൊ.വി.വ പ്രകാരം കുട്ടികളുടെ എണ്ണത്തിലെ കുറവ് മൂലം അനദ്ധ്യാപക തസ്തിക ഇല്ലാതാകുന്ന സാഹചര്യം നിലനിൽക്കുന്നില്ലെന്നും കുട്ടികളുടെ എണ്ണം എത്രയായാലും ഒന്ന് വീതം എഫ്.ടി.എം, ക്ലാർക്ക്, ഒഎ തസ്തികകൾ കേരള വിദ്യാഭ്യാസ ചട്ടം, അദ്ധ്യായം 24 ചട്ടം 1 പ്രകാരം നിലനിൽക്കുമെന്നും പ്രതിപാദിച്ചിരിക്കുന്നു. മേൽ പരാമർശിച്ച കോടതി വിധിയുടെ അടിസ്ഥാനത്തിൽ, സർക്കാർ നിർദ്ദേശത്തിനു വിധേയമായി, ഇത്തരം നിയമനങ്ങൾ ശമ്പളസ്കെയിൽ അടിസ്ഥാനത്തിൽ പരിഗണിക്കാവുന്നതാണെന്നും സർക്കാർ, പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്ന പക്ഷം ശ്രീ.അൽ ജുവിൻ കൊഹിന്റെ ദിവസവേതന നിയമനം റഗുലർ ഒഴിവിൽ പരിഗണിക്കാവുന്നതാണ് എന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

14. മേൽ സാഹചര്യത്തിൽ, റഗുലർ തസ്തികയിലെ 01/11/2021 മുതലുള്ള തുടർച്ചയായ നിയമനമായതിനാൽ, 01/11/2023 ലെ JR1/502/2023-GEDN നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ, തൃശ്ശൂർ തൃപ്രയാർ ശ്രീവിലാസ് യു.പി. സ്കൂളിലെ ശ്രീ. അൽജുവിൻ കോഹിന്റെ 1/11/2021 മുതലുള്ള ഓഫീസ് അറ്റെൻഡന്റ് തസ്തികയിലെ നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ പ്രൊവിഷണലായി അംഗീകരിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകി ശ്രീ. അൽജുവിൻ കോഹിൻ ഫയൽ ചെയ്ത റിട്ട് ഹർജി നം.7371/2024-ൽ 26.02.2024 തീയതി ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം

നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീ.അൽ-ജുവിൻ കൊഹിൻ കെ.ആർ., ഓഫീസ് അറ്റൻഡന്റ്, ശ്രീവിലാസ് യു.പി.സ്കൂൾ, തൃപ്രയാർ, വലപ്പാട്, തൃശ്ശൂർ-680 567
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വലപ്പാട്, തൃശ്ശൂർ
മാനേജർ, ശ്രീവിലാസ് യു.പി.സ്കൂൾ, തൃപ്രയാർ, വലപ്പാട്, തൃശ്ശൂർ-680 567
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Zaheer Rahman A
സെക്ഷൻ ഓഫീസർ
Date: 16-06-2025 14:38:06

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.